**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 62** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ഗോത്രബന്ധു പദ്ധതി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. കെ. വി. സുമേഷ് | ശ്രീമതി കെ. എ. തുളസി |
| ശ്രീ. വി. കെ. സനോജ് | (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ |
| ശ്രീ. എ. പ്രഭാകരൻ | വകുപ്പ് മന്ത്രി) |
| പ്രൊഫ. സി. രവീന്ദ്രനാഥ് | |

**(എ)** പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി മുൻ സർക്കാർ ആവിഷ്കരിച്ച ഗോത്രബന്ധു പദ്ധതി ഈ അധ്യയനവർഷം മുതൽ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിർത്തലാക്കിയിട്ടില്ല.

**(ബി)** സംസ്ഥാനത്ത് എത്ര മെന്റർ അധ്യാപകരെയാണ് ഈ പദ്ധതിയ്ക്കായി നിയമിച്ചിട്ടുള്ളത്; പ്രസ്തുത അധ്യാപകർ ഇപ്പോഴും തുടരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ ആകെ 326 മെന്റർ ടീച്ചർമാരെയാണ് ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിച്ചുവരുന്നത്. ഓരോ അധ്യയന വർഷത്തേക്കും നൽകുന്ന താൽക്കാലിക നിയമനങ്ങളാണിവ. ഇതനുസരിച്ച് ഓരോ അധ്യയന വർഷാവസാനം മെന്റർ ടീച്ചർമാരുടെ കാലാവധി അവസാനിക്കുന്നതാണ്.

**(സി)** ഗോത്രബന്ധു പദ്ധതിയിലൂടെ സ്കൂളുകളിൽ നിന്നുള്ള ഗോത്രവിഭാഗം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന സാമൂഹ്യ പഠന മുറി, വിദ്യാവാഹിനി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ, 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായ സ്കോളർഷിപ്പ്, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം (മെറിറ്റ് അവാർഡ്) എന്നിവ നടപ്പിലാക്കി വരുന്നത് വഴി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

എന്നാൽ ഗോത്രബന്ധു പദ്ധതിയുടെ മാത്രമായി അവലോകനം ഇത് വരെ നടത്തിയിട്ടില്ല. പദ്ധതിയുടെ അവലോകനം നടത്താവുന്നതാണ്.

**(ഡി)** ഈ പദ്ധതി തുടരുന്നില്ലെങ്കിൽ തൊഴിൽ നഷ്ടപ്പെട്ട മെന്റർ അധ്യാപകരുടെ പുനരധിവാസത്തിനും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**മറുപടി:** 'എ' പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**സെക്ഷൻ ഓഫീസർ**